(ഇ ആന്റ് എഫ്) ബാധകമല്ല.

(ജി) കളമശ്ശേരി ശ്രീനിവാസ് മിൽ ഉടമയ്ക്ക് പ്രവർത്തന മൂലധനമായി 301.00 ലക്ഷം രൂപ സംസ്ഥാന സഹകരണ ബാങ്ക് അനുവദിച്ചിട്ടുണ്ട്. ആയതിന് സ്ഥലവും കെട്ടിടവുമായി 540.00 ലക്ഷം രൂപയുടെ സെക്യൂരിറ്റി നൽകിയിട്ടുണ്ട്.

(എച്ച്) ചട്ടങ്ങൾക്ക് അനുസൃതമായിട്ടാണ് വായ്പകൾ നൽകിയിട്ടുള്ളത്. ചട്ടവിരുദ്ധമായി വായ്പകൾ നൽകിയതായി പരാതി ലഭിക്കുന്ന പക്ഷം ഇക്കാര്യത്തിൽ ഉചിതമായ അന്വേഷണം നടത്തുന്നതാണ്.

## സംസ്ഥാന സഹകരണ ബാങ്ക് ഏറ്റെടുത്ത വായ്പകൾ

134 [546] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിൽ പുതിയ ഭരണ സമിതി നിലവിൽ വന്നതിനുശേഷം ബാങ്ക് മറ്റേതെങ്കിലും ബാങ്കുകളുടെ വായ്പകൾ ഏറ്റെടുക്കുകയുണ്ടായോ;

(ബി) എങ്കിൽ ഇതിനകം ഏതെല്ലാം ബാങ്കുകളുടെ ഏതെല്ലാം ആളുകളുടേയും സ്ഥാപനങ്ങളുടേയും പേരിലുള്ള എന്തു തുകയ്ക്കുള്ള വായ്പകളാണ് ഏറ്റെടുക്കുകയുണ്ടായിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) വായ്പാ തീയതി, വായ്പ നൽകിയ സ്ഥാപനം/വ്യക്തി, അനുവദിച്ച വായ്പാ തുക, വായ്പക്ക് ലഭിച്ച സെക്യൂരിറ്റി, പലിശ നിരക്ക്, കാലാവധി തുടങ്ങിയ വിശദാംശങ്ങൾ ഓരോ ലോണിന്റേയും കാര്യത്തിൽ വിശദീകരിക്കാമോ;

(ഡി) ഇത്തരത്തിൽ നൽകിയ വായ്പാതുക മുഴുവനും ബന്ധപ്പെട്ട ബാങ്കുകൾക്ക് ലഭ്യമാക്കുകയുണ്ടായോ; ലോൺ ടേക്കോവറിന്റെ ഭാഗമായി നൽകിയ വായ്പയിൽ ബന്ധപ്പെട്ട വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ എന്തെങ്കിലും തുക നൽകിയിട്ടുണ്ടെങ്കിൽ അത് വിശദമാക്കാമോ;

(ഇ) ബന്ധപ്പെട്ട സഹകാര്യ ബാങ്കുകൾക്ക് ഈടാക്കാൻ പറ്റാത്തതും ഏറെക്കാലം കുടിശ്ശിക (എൻ.പി.എ.) ആയിട്ടുള്ളതുമായ ഇത്തരം വായ്പകൾ ഏറ്റെടുക്കാൻ സംസ്ഥാന സഹകരണ ബാങ്കിനെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ലോൺ ടേക്കോവർ നടത്തിയിട്ടുള്ള വായ്പകളിൽ നാളിതുവരെ റീപേയ്മെന്റ് കൃത്യമായിട്ടില്ലാത്തവ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ജി) ഇത്തരത്തിലേതെങ്കിലും വായ്പ നൽകുന്നതിന് മുമ്പായി നബാർഡിന്റെ അനുമതി വാങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(എച്ച്) ബന്ധപ്പെട്ട ബാങ്കുകൾ അതത് സ്ഥാപനങ്ങൾക്ക് എത്ര ശതമാനം പലിശയ്ക്ക് നൽകിയ വായ്പകളാണ് സംസ്ഥാന സഹകരണബാങ്ക് ടേക്കോവർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ടായി.

(ബി) 13 കോടി 16 ലക്ഷം രൂപയുടെ വായ്പകളാണ് ഏറ്റെടുത്തത്. വിശദ വിവരം അനുബന്ധം ആയി ചേർത്തിട്ടുണ്ട്. †

(സി) വിശദവിവരം അനുബന്ധം ആയി ചേർത്തിട്ടുണ്ട്. †

(ഡി) വിശദവിവരം അനുബന്ധം ആയി ചേർത്തിട്ടുണ്ട്. †

(ഇ) സംസ്ഥാന സഹകരണ ബാങ്കിന്റെ നിലവിലുള്ള നടപടിക്രമങ്ങള നുസരിച്ച് യോഗ്യമെന്ന് ബോധ്യപ്പെട്ട ലോണുകളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് ബാങ്ക് അറിയിച്ചിട്ടുണ്ട്.

(എഫ്) വിശദവിവരം അനുബന്ധം ആയി ചേർത്തിട്ടുണ്ട്. †

(ജി) നബാർഡിന്റെ അനുമതി ആവശ്യപ്പെട്ടിട്ടില്ലെന്നും നിലവിലുള്ള ലോൺ റൂൾസ് അനുസരിച്ചാണ് വായ്പകൾ അനുവദിച്ചിട്ടുള്ളതെന്നും ബാങ്ക് അറിയിച്ചിട്ടുണ്ട്.

(എച്ച്) വിവരം ശേഖരിച്ചുവരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

446, 459 എന്നീ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമല്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly